LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2014-15 മണലൂർ നിയോജകമണ്ഡലത്തിലെ 'നിറവ്' പദ്ധതിയിൽപ്പെട്ട താഴെപ്പറയുന്ന പദ്ധതികൾക്ക് അനുമതി നൽകുകയുണ്ടായി :

1. ജാതികൃഷി വ്യാപനം	35 ഹെ.	7 ലക്ഷം
2. വാഴ കൃഷി വ്യാപനം	104 ഹെ.	27.3 ലക്ഷം
3. പുളിക്കെട്ട നിർമ്മാണം	57 എണ്ണം	371.01 ലക്ഷം
	ആകെ	405.31 ലക്ഷം

കൂടാതെ വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ മണലൂർ നിയോജക മണ്ഡലത്തിൽ, നിറവ് പദ്ധതിയിൽ 12.375 ലക്ഷം രൂപയുടെ പദ്ധതികളാണ് നടപ്പിലാക്കിയത്. ഹെക്ടറൊന്നിന് 22,500 രൂപ ധനസഹായത്തോടെ 10 ഹെക്ടറിൽ പച്ചക്കറികൃഷി വ്യാപനം, 3000 കിഴങ്ങുവർഗ്ഗവിള കിറ്റുകളുടെ വിതരണം എന്നീ പദ്ധതികളാണ് നടപ്പിലാക്കിയത്.

(ബി)

1	ജാതികൃഷി വ്യാപനം	പൂർത്തിയായി.
2	വാഴ കൃഷി വ്യാപനം	സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ മുഖേന നടപ്പിലാക്കിവരുന്നു.
3	പുളിക്കെട്ട നിർമ്മാണം	3 പുളിക്കെട്ടുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. 20 പുളിക്കെട്ടുകൾ ടെണ്ടർ ചെയ്ത് നിർമ്മാണത്തിലേയ്ക്ക് കടക്കുന്നു.

കൂടാതെ വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ മുഖേന നടപ്പിലാക്കിയ പദ്ധതികൾ ഫീൽഡ് തലത്തിൽ പൂർത്തിയായിക്കഴിഞ്ഞു. ധനസഹായവിതരണം , ഉടൻതന്നെ പൂർത്തിയാക്കുന്നതാണ്.

സംയോജിത കാർഷിക വികസന പദ്ധതി

156 (1525) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സംസ്ഥാനത്തിന്റെ ഭക്ഷ്യ സുരക്ഷ ലക്ഷ്യമാക്കി നെൽകൃഷി, പച്ചക്കറി, കിഴങ്ങുവർഗ്ഗങ്ങൾ, ധാന്യം എന്നിവയുടെ ഉൽപ്പാദന വർദ്ധനവിനായി പ്രഖ്യാപിച്ച

LIBRARY ARCHIVES Kerala Legislative Assembly

സംയോജിത കാർഷിക വികസന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ; ഇതിന്റെ വിശദാംശങ്ങൾ നൽകാമോ ;

(ബി) ഈ പദ്ധതി നടത്തിപ്പിലൂടെ സംസ്ഥാനത്തിന്റെ ഭക്ഷ്യ സുരക്ഷ ഉറപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്നറിയിക്കാമോ ;

(സി) ഏതെല്ലാം വിളകളുടെ ഉൽപ്പാദനമാണ് ഈ പദ്ധതിയുടെ നടത്തിപ്പിലൂടെ വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(ഡി) ഇതിനായി 2012-13-ലും തുടർന്നുള്ള ബഡ്ജറ്റിലും എത്രതുക നീക്കി വച്ചിരുന്നു ; ഇവയോരോന്നിന്റെയും ചെലവ് സംബന്ധിച്ച വിശദാംശം നൽകാമോ ?

ഉത്തരം

(എ) സംസ്ഥാനത്തിന്റെ ഭക്ഷ്യ സുരക്ഷ ലക്ഷ്യമാക്കി നെൽകൃഷി, പച്ചക്കറി, കിഴങ്ങുവർഗ്ഗങ്ങൾ, ധാന്യം എന്നിവയുടെ ഉൽപ്പാദന വർദ്ധനവിനായി പ്രഖ്യാപിച്ച സംയോജിത കാർഷിക വികസന പദ്ധതി 2012-13 വർഷംമുതൽ നടപ്പിലാക്കി വരികയാണ്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഉണ്ട്.

(സി) നെല്ല്, പച്ചക്കറി, പയർവർഗ്ഗങ്ങൾ, വിവധയിനം കിഴങ്ങുവർഗ്ഗവിളകൾ എന്നിവ കൂടുതൽ ഉല്പാദിപ്പിക്കുവാൻ ഈ പദ്ധതിയിലൂടെ കഴിഞ്ഞിട്ടുണ്ട്.

(ഡി) സംയോജിത കാർഷിക വികസന പദ്ധതിക്കായി 2012-13-ലും തുടർന്നുള്ള ബഡ്ജറ്റിലും നീക്കിവച്ചതും ചെലവഴിച്ചതുമായ തുക സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

ക്രമ നമ്പർ	സാമ്പത്തിക വർഷം	നീക്കി വച്ച തുക (ലക്ഷം രൂപയിൽ)	ചെലവഴിച്ച തുക (ലക്ഷം രൂപയിൽ)
1	2012- 13	9406.70	9366.70
2	2013- 14	10650.00	10239.12
3	2014- 15	9752.00	9226.02
4	2015-16	9782.00	(പദ്ധതി നടപ്പിലാക്കി വരുന്നു)

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.